പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 4809

01.07.2013 ൽ മറുപടിക്ക്

**ഐ.എ.എസ്സുകാരെ സംസ്ഥാന സർവ്വീസിലേക്ക് കൊണ്ടുവരുന്നതിന് നടപടി**

ചോദ്യം: ശ്രീ.എം. ഉമ്മർ

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി (ബഹു. മുഖ്യമന്ത്രി)

(എ) സംസ്ഥാന സർവ്വീസിലേക്ക് ഐ.എ.എസ്.കാർ കടന്നു വരുവാൻ വിമുഖത കാണിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) കൂടുതൽ മെച്ചപ്പെട്ട സേവനം സർക്കാരിന് ലഭ്യമാക്കുന്നതിന്, ഐ.എ.എസ് ഉദ്യോഗസ്ഥരെ സംസ്ഥാനത്ത് കൊണ്ടു വരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(എ), (ബി) &

(സി) 1) കേന്ദ്ര സർവ്വീസിലിരിക്കുന്ന എല്ലാ ഐ.എ.എസ് ഉദ്യോഗസ്ഥരേയും കാലാവധി തീരുന്ന മുറക്ക് സംസ്ഥാന സർവ്വീസിലേക്ക് തിരിച്ചു വിളിക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ട്.

2) കേന്ദ്ര ഡെപ്യൂട്ടേഷൻ കഴിഞ്ഞ് തിരിച്ചു വരുന്ന ഐ.എ.എസ്. ഉദ്യോഗസ്ഥർ അടുത്ത ഡെപ്യൂട്ടേഷന് മുമ്പായി സംസ്ഥാന സർവ്വീസിൽ ജോലി ചെയ്യേണ്ട "കൂളിംഗ് ഓഫ്" കാലാവധിയിൽ ഒരിളവും അനുവദിക്കണ്ട എന്നും തീരുമാനമെടുത്തിട്ടുണ്ട്.

3) അത്യന്തം സൂക്ഷ്മതയോടെ മാത്രം കേന്ദ്ര ഡെപ്യൂട്ടേഷന് ഐ.എ.എസ് ഉദ്യോഗസ്ഥരെ ശുപാർശ ചെയ്യുവാനും തീരുമാനമെടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ